# മഹാത്മാഗാന്ധി സർവ്വകലാശാല

നം. എഡി. എ1-4-210/2016 തീയതി, പ്രിയദർശിനി ഹിൽസ് 25.10.2018

## പരിപത്രം

വിഷയം: സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട് - സ്ഥലം മാറ്റത്തിന് സന്നദ്ധരായ അസിസ്റ്റന്റുമാരിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്:-

സർവ്വകലാശാലയുടെ കീഴിലുള്ള സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട് -ൽ അസിസ്റ്റന്റ് തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകൾ സ്ഥലംമാറ്റ നിയമനത്തിലൂടെ നികത്തുന്നതിനായി സമ്മതപത്രം ക്ഷണിച്ചുകൊള്ളുന്നു. സ്ഥലം മാറ്റത്തിന് സന്നദ്ധരായ അസിസ്റ്റന്റുമാർ തങ്ങളുടെ സമ്മതപത്രങ്ങൾ സ്വന്തം വകുപ്പു മേധാവിയുടെ ശിപാർശയോടുകൂടി, **05.11.2018** ന് മുൻപായി എഡി. എ1 സെക്ഷനിൽ സമർപ്പിക്കേണ്ടതാണ്.

ഇപ്രകാരം സമർപ്പിക്കുന്ന സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ സ്ഥലം മാറ്റത്തിന് ഉത്തരവ് ലഭിക്കുന്ന ജീവനക്കാർ, പ്രസ്തുത ഉത്തരവ് അനുസരിക്കാൻ ബാധ്യസ്ഥരാണ്. അന്തിമ പട്ടിക പ്രസിദ്ധീകരിച്ചതിനു ശേഷം ജീവനക്കാർ തങ്ങളുടെ ഊഴം നിരസിക്കുകയാണെങ്കിൽ പ്രസ്തുത അവസരം വിനിയോഗിച്ചതായി കണക്കാക്കപ്പെടും.

അന്തിമ പട്ടികയിൽ നിന്ന് സ്ഥലം മാറ്റം നടപ്പിലാക്കുന്നത് പ്രസ്തുത സ്കൂളിന്റെ ആവശ്യകത അനുസരിച്ചായിരിക്കും. ആയതിനാൽ സ്ഥലം മാറ്റപ്പട്ടികയിൽ ഇടം നേടുന്നത് സ്ഥലം മാറ്റത്തിനുള്ള അവകാശമായിരിക്കുന്നതല്ല.

ഒപ്പ്
അസിസ്റ്റന്റ് രജിസ്ട്രാർ I (ഭരണവിഭാഗം)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:

1) സെക്ഷനുകൾ/ സ്കൂളുകൾ/ ഡിപ്പാർട്ട്മെന്റുകൾ/ സെന്ററുകൾ
2) വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
3) രജിസ്ട്രാർ/ പരീക്ഷാ കൺട്രോളർ/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പി എമാർ
4) ഡി.സി.ഡി.സി/ നോട്ടീസ് ബോർഡ്
5) പബ്ലിക് റിലേഷൻസ് ഓഫീസറുടെ സെക്ഷൻ/ കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
6) സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ ഡേ ഫയൽ

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ